**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 778** **26-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ദലീമ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ ഐ ബി സതീഷ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുകയും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കുകയും ചെയ്യുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനെ ജനകീയമാക്കി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. അടിസ്ഥാന സൗകര്യവികസനം പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5കോടിരൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപവീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപവീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടിയും പ്ലാൻ ഫണ്ടിലൂടെ 1100 ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു. 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 108 സ്കൂളുകൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 77 സ്കൂളുകൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. സാങ്കേതിക വിദ്യ പൊതുവിദ്യാലയങ്ങളുടെ ഐ.ടി. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 4752 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് ലാബ് |

പദ്ധതിയും നടപ്പിലാക്കി. പ്രസ്തുത പദ്ധതികളനുസരിച്ച് സംസ്ഥാനത്തെ 16009 സ്കൂളുകളിലായി 119051 ലാപ്ടോപ്പ്, 69955 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷന്, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്. എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ എന്നിവ വിതരണം ചെയ്തു. ഉപകരണങ്ങൾ ലഭ്യമാക്കിയതിനൊപ്പം ഡിജിറ്റൽ പഠന വിഭവങ്ങളും അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പ്രത്യേക പരിശീലനവും നൽകി. അക്കാദമികം സ്കൂളിന്റെ സമഗ്രവികസനത്തെ കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഗുണത ഉറപ്പാക്കാൻ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാള ത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കാലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തി. ശാസ്ത്ര മേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ. സെക്കന്ററി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നതിന് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ്' എന്ന പദ്ധതി'. ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ കാര്യത്തിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ ക്യൂബ് (E3) പദ്ധതി എന്നിവ നടപ്പിലാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനും വേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗ വിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ , കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിങ് പദ്ധതി' എന്നിവ ആവിഷ്കരിച്ചു. സാമൂഹികം സമൂഹത്തിലെ പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തി . അതിനായി ഏറെ ശ്രദ്ധിക്കപ്പെട്ട ' വിദ്യാലയം പ്രതിഭകളിലേക്ക് ' എന്ന പ്രവർത്തനം വിപുലമായി നടത്തി. രക്ഷകർതൃ

| | | | |
|---|---|---|---|
| | | | ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി 'നന്മ പൂക്കുന്ന നാളേയ്ക്ക് ' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി. |
| (ബി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര ശതമാനം വിദ്യാലയങ്ങളിൽ കമ്പ്യൂട്ടറും ഇന്റർനെറ്റും അടക്കമുള്ള ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പദ്ധതി നടപ്പിലാക്കി. 4752 സെക്കന്ററി-ഹയർ സെക്കന്ററി സ്കൂളുകളിലും 11257 പ്രൈമറി വിഭാഗം സ്കൂളുകളിലും പദ്ധതി നടപ്പിലാക്കി. |
| (സി) | ഇത് ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്നും പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതിയും വെളിപ്പെടുത്താമോ? | (സി) | അക്കാദമിക രംഗത്തെ മുന്നേറ്റത്തിന്റെ അംഗീകാരമായി നീതിആയോഗ് നടത്തിയ ഗുണനിലവാര പഠനത്തിൽ (SEQI) പഠനത്തിൽ കേരളത്തിന് ഒന്നാം സ്ഥാനമാണ്. കൂടാതെ ഇന്ത്യയിലെ പ്രഥമ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ